بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ

**FRIDAY SERMON / വെള്ളിയാഴ്ച ഖുത്തുബ**
**HAZRAT KHALIFATHULLAH MUNIR AHMAD AZIM (A)**
***30 October 2020 / 13 Rabi'ul Awwal 1442 AH***

## *Duahs (Invocations)* (Pt. 17) ദുആകൾ (ഭാഗം-17)

സലാമിനു ശേഷം ഹസ്രത് ഖലീഫത്തുല്ലാഹ് തശഹ്ഹുദ്, തഅവ്വദ്, സൂറ:അൽഫാതിഹ ഓതിയ ശേഷം ദുആകൾ എന്ന വിഷയത്തെ ആസ്പദമാക്കിയുള്ള പതിനേഴാമത്തെ പ്രസംഗം ആരംഭിക്കുകയുണ്ടായി. അൽഹംദുലില്ലാഹ്! സുമ്മ അൽഹംദുലില്ലാഹ് അല്ലാഹുവിന്റെ അനുഗ്രഹത്താൽ, അവ എനിക്ക് വെളിപാടുകളായി നല്കിയ ദുആകൾ ആണ്, അത് ഇന്നത്തെ ഖുത്തുബയിലും തുടരുകയാണ്. അവന്റെ സന്നിധിയിൽ നമുക്ക് കൂടുതൽ നല്ല ഇടം ലഭിക്കുവാനുള്ള നല്ല ജീവിതം അവൻ നമുക്ക് നല്കി അനുഗ്രഹിക്കട്ടെ. അവനിലേക്കുള്ള വഴി അവൻ നമുക്ക് തുറന്നു നല്കട്ടെ, അവനെ സമീപിക്കുവാനുള്ള വഴികളും, തുറന്നു തരട്ടെ! ആമീൻ! സുമ്മ ആമീൻ!

2004 ഏപ്രിൽ 1-ാം തീയതി സഫർദിക്ക്റുല്ലാഹ് വേളയിൽ അല്ലാഹു(ത) അറിയിച്ചു തന്ന പ്രാർത്ഥനകളിതാ! യാ! അല്ലാഹ് ! ഈമാനിലുള്ള അഭിവാഞ്ജയും, തന്റെ ഹൃദയത്തിൽ അത് വിപുലീകരിച്ചുതരുകയും ചെയ്യേണമെ! എന്നെ നീ അനുസരണമില്ലായ്മയും, വിഷയാശക്തിയും, ഭക്തിയില്ലായ്മയും വെറുക്കുന്നവനാക്കേണമെ! എന്നെ നീ നിന്റെ ഇഷ്ടദാസൻമാരിലൊരുവനാക്കേണമെ. യാ അല്ലാഹ്! നിന്റെ ദാസൻമാരെ നീ ഉയർത്തെഴുന്നേല്പിക്കുമ്പോൾ നിന്റെ ശിക്ഷയിൽ നിന്നും നീ എന്നെ ഒഴിവാക്കേണമെ. യാ അല്ലാഹ്! എന്റെ ശരീരവും, എന്റെ ജീവിതവും, എന്റെ ഹൃദയവും നിനക്കുവേണ്ടി മാത്രം ത്യാഗം ചെയ്യുവാനായി, സമർപ്പിക്കുവാനായി എന്നെ നീ പ്രാപാത്നാക്കേണമെ. ഞാനറിയുന്നു, നീയല്ലാത്ത മറ്റൊരു സ്നേഹിതനും എനിക്കില്ലാ എന്ന്! ആയതിനാൽ എനിക്കുള്ളതെല്ലാം ഞാൻ നിനക്കായി സമർപ്പിക്കുന്നു. എന്റെ യജമാനരെ! ഈ കാലത്ത് ലഭ്യമായ എല്ലാ മഹത്വപൂർണ്ണമായ അനുഗ്രഹങ്ങളും എനിക്ക് നല്കിയാലും യാ അല്ലാഹ്! ഈ അർത്ഥിക്കുന്ന ശബ്ദവീചികൾ നീ കേൾക്കേണമെ, നീ എന്റെ ഒരു സ്നേഹിതനായി തീരുന്നതില്ലെങ്കിൽ, എന്റെ ഈ തല മൺതരിയായി തീരുന്നതാണ് നല്ലത്. നിന്റെ അനുഗ്രഹമാകുന്ന കാര്യങ്ങളാൽ, എന്നെ നീ സഹായിച്ചാലും! അങ്ങനെയായാൽ ജനങ്ങൾ നിന്നെക്കുറിച്ചറിയുവാനും, നിന്നിലേക്ക് അവർക്ക് വഴികാണിച്ചുകൊടുക്കുവാനും എനിക്ക് സാധിക്കുന്നതാണ്. യാ അല്ലാഹ്! നീ എന്റെ തെറ്റുകൾ പൊറുത്തുതന്നാലും, അതൊന്നു മാത്രമാണ്, ശപിക്കപ്പെട്ടവരാരും, ഇസ്ലാമിന്റെ ശത്രുക്കൾ ആരും തന്നെ സന്തോഷിക്കാതിരിക്കുവാനുള്ള ഏകവഴി! യാ അല്ലാഹ്! എന്റെ മുറിവുകൾക്ക് മരുന്നാകുന്ന ലേപനം പുരട്ടിയാലും. ഞാൻ പീഡനങ്ങളുടെ മഹാഗർത്തത്തിൽ വീണുകിടക്കുകയാണ്! എന്റെ പ്രാർത്ഥനകൾ കേട്ടാലും! ഞാൻ നിസ്സഹായകനാണ്.

എന്റെ രാജാവേ! എനിക്ക് വിജയം പ്രദാനം ചെയ്താലും! ഞാൻ ലക്ഷ്യത്തിലെത്തുന്നതിന് മുൻപ് നീ എന്നെ നിദ്രയിലേക്ക് വിടുമോ? യാ അല്ലാഹ്! ഇത് ഞാൻ ഒരിക്കലും നിന്നിൽ നിന്ന് പ്രതീക്ഷിക്കുന്നില്ല. യാ അല്ലാഹ്! ജമാഅത്തുസ്സഹീഹിൽ ഇസ്ലാമിന്റെ മേൽ നിന്റെ അനുഗ്രഹത്തിന്റെ മഴ വർഷിച്ചാലും! (ദൈവീക വെളിപാടുകളിലൂടെ, നീ ഈ ജമാഅത്തിന്റെ ആദ്യത്തിൽ പേരു നല്കിയതാണിത്) ഇതിന്റെ അനന്തരാവകാശികളുടെ പ്രാർത്ഥനകൾ ശ്രവിച്ചാലും! എതിർക്കുന്നവർ തിന്മയുടെ പ്രചാരകർ മാത്രമാണ്. എല്ലാഭാഗത്തു നിന്നും ഉണ്ടായിവരുന്നത്, പ്രയാസങ്ങളും എതിർപ്പുകളും മാത്രം. ഇത് തീർത്തും കഠിന രാത്രിതന്നെ! നിന്നിൽനിന്നുള്ള ജലമില്ലെങ്കിൽ, ഈ ലോകം മരണാന്ധകാരാത്തിലകപ്പെട്ടു പോകുന്നതാണ്. വസന്തം അപ്രത്യക്ഷമാകുന്നതുമാണ്. യാ അല്ലാഹ്! ഇതിൽ നിന്നും രക്ഷപ്പെടുവാൻ നീയല്ലാത്ത മറ്റൊരുവഴിയുമില്ല. തഖ്‌വയുടെ ആരാമം എരിഞ്ഞടങ്ങിയിരിക്കുന്നു. മതം ഇന്ന് കച്ചവടമായി കഴിഞ്ഞിരിക്കുന്നു. എന്റെ പ്രിയതമനെ ഇവിടെ എന്തുസംഭവിക്കുന്നുവോ അത് നിന്റെ കരങ്ങൾ കൊണ്ടുള്ളതുതന്നെ! അല്ലെങ്കിൽ ഇവിടെ അതിശീഘ്രം തിന്മകൾ വ്യാപിക്കുന്നതാണ്. നിന്റെ ഒരു ദൃഷ്ടാന്തം പ്രകടമാക്കിയാലും! മതം ഇന്ന് ദൃഷ്ടാന്തമില്ലാത്തതായി തീർന്നിരിക്കുന്നു. ഈ വഴിയിൽ നീയൊരു ദൃഷ്ടാന്തം പ്രകമടാക്കു! അതിലൂടെ വസന്തത്തിന്റെ അടയാളങ്ങൾ ചിലർക്കെങ്കിലും പ്രകടമാകട്ടെ! യാ അല്ലാഹ്! ഈ കാലത്തിന് ഒരു മാറ്റം വരുത്തിയാലും! നീ മാത്രമാണ് ഈ പ്രപഞ്ചത്തിന്റെ ഉടമസ്ഥൻ! നിലനില്ക്കുന്ന സകലതിന്റെയും രാജാവ്! നിനക്ക് അസാധ്യമായി ഒന്നും തന്നെയില്ല! നീ ഉദ്ദേശിക്കുന്നവരെ നീ മരിപ്പിക്കുന്നു! നീ ഉദ്ദേശിക്കുന്നവരെ ജീവിക്കുവാൻ വിടുന്നു. നിന്റെ ശക്തിയാലാണ് എല്ലാ കാര്യങ്ങളും നടക്കുന്നത്. നിന്റെ അനുഗ്രഹം ഉണ്ടായാൽ അപൂർണ്ണമായതെല്ലാം പൂർണ്ണമാകുന്നതാണ്. ഇനി സമ്പൂർണ്ണമായതൊക്കെ, നീ ഉദ്ദേശിച്ചാൽ അതൊന്നും ഇല്ലാത്തതാക്കി മാറ്റുവാനും നിനക്ക് കഴിയുന്നതാണ്.

എന്റെ പ്രീയനെ! നിനക്കേതുകാര്യമാണ് സന്തോഷം പകരുന്നതെന്ന് എന്നോട് പറഞ്ഞാലും! ഈ ദിനം അതിശയകരമായ ഒരു ദിനം തന്നെ ആയിരിക്കും. ഞങ്ങളെല്ലാവരും നിന്നിലേക്ക് മടങ്ങിവരുന്ന ദിനം! നിന്നെപോലെ, ഞാനും ജനങ്ങളിൽ നിന്നും വളരെ വിദൂരതയിലായിരിക്കും. എന്റെ ഹൃദയം ഒരു രഹസ്യവും മറച്ചുവെയ്ക്കുകയില്ല. മതത്തെ സ്നേഹിക്കുന്നവനായിത്തീരുവാനുള്ള ഇച്ഛാശക്തിയും കഴിവും നീ എനിക്ക് നല്കി അനുഗ്രഹിച്ചാലും! നിന്നെ കണ്ടുമുട്ടുന്നതിനുള്ള ഒരു വെളിച്ചം നീ എന്റെ ഹൃദയത്തിൽ കത്തിച്ചുവെച്ചാലും! അതിന്റെ ജ്വാലകൾ ആകാശങ്ങളിൽ ഉയർന്നു തെളിയട്ടെ! യാ അല്ലാഹ്! ഞങ്ങൾ ഇല്ലാതായിതീരുന്ന അവസ്ഥയെ ഒന്നുനോക്കിയാലും, ഞങ്ങളിൽ നിന്ന് എല്ലാ കഴിവുകളും അപ്രത്യക്ഷമാകുന്ന അവസ്ഥ!ഒരു ദിവ്യാത്ഭുതം കാട്ടിതന്നാലും! മാനവനെ ഖുർആനിലേക്ക് നയിച്ചാലും! അതു ഗ്രഹിക്കുവാനുള്ള ശക്തി അവർക്ക് നീ പകർന്നു നല്കിയാലും! ആരാമം വരണ്ട് പോയിരിക്കുന്നു.വൃക്ഷങ്ങൾക്ക് അവയുടെ ഫലങ്ങൾ നഷ്ടമായിരിക്കുന്നു. ദൈവീകദൃഷ്ടാന്തത്തിലൂടെ, വൃക്ഷങ്ങൾ വീണ്ടും ഫലമുള്ളതായി തീരട്ടെ! ഈസായുടെ ലേപനം ഈസായ്ക്ക് മാത്രമെ സുഖം

പകരൂ! എന്നാൽ ദൈവീക ദൃഷ്ടാന്തത്തിലൂടെ, എല്ലാ രാജ്യങ്ങളും തിന്മയിൽ നിന്നും സുരക്ഷിതമാകുന്നതാണ് (ആമീൻ)

2020 ഏപ്രിൽ 25-ാം തീയതി ഈ വർഷത്തെ റമദാൻ മാസത്തിന്റെ പ്രഥമ ദിനത്തിൽ എനിക്ക് വെളിപാടായി ലഭിച്ച ദുആ നിങ്ങളുടെ മുൻപാകെ സമർപ്പിക്കുകയാണ്.

യാ അല്ലാഹ്! നീ പരിശുദ്ധനാണ്; നീ ഒരു ന്യൂനതയും ഉള്ളവനല്ല.

യാ അല്ലാഹ്! ഞങ്ങൾ പാപികളാണ്, തെറ്റുകൾ ചെയ്തവരാണ്, നീ ഞങ്ങളുടെ മേൽ നിന്റെ അനുഗ്രഹങ്ങൾ ചൊരിഞ്ഞു തന്നാലും, യാ അല്ലാഹ്! ഞങ്ങളെ നീ നല്ലനിലയിൽ സംരക്ഷിക്കേണമെ! അല്ലാഹ്, മാപ്പ് ചെയ്യുന്നവനെ! കരുണാമയനായവനെ! ഞങ്ങളുടെ ചെറുതും വലതുമായ എല്ലാ പാപങ്ങളും നീ പൊറുത്തു തരേണമെ! യാ അല്ലാഹ്! ആത്മാർത്ഥമായി പശ്ചാത്തപിച്ചു മടങ്ങുവാനുള്ള അനുഗ്രഹം നീ ഞങ്ങളുടെമേൽ ചൊരിയേണമെ! യാ അല്ലാഹ്! മാപ്പു ചെയ്യുന്നവനെ!ഞങ്ങൾ കുറ്റവാളികളായിപ്പോയി, ഞങ്ങൾ അനേകം പാപങ്ങൾ ചെയ്തു പോയി, അതോടൊപ്പം ഞങ്ങൾക്ക് മാപ്പ് നല്കുവാനായി യാചിക്കുകയാണ്, ഞങ്ങളുടെ നേരെ കനിവ് കാട്ടേണമെ!

യാ അല്ലാഹ്! യജമാനരായവരെ! കരുണാവാരിധേ! ഞങ്ങളുടെ അപൂർണ്ണങ്ങളായ ആരാധനകളെ നീ സ്വീകരിക്കേണമെ, നിന്റെ നന്മയാലും നിന്റെ അനുഗ്രഹത്താലും!

യാ അല്ലാഹ്! ഞങ്ങളുടെ എല്ലാ തെറ്റുകളും മാപ്പാക്കിയാലും! ഞങ്ങളുടെ നമസ്ക്കാരത്തിലൂടെയും, ഞങ്ങളുടെ വ്രതാനുഷ്ഠാനങ്ങളിലൂടെയും, ഞങ്ങളുടെ ദാനധർമ്മങ്ങളിലൂടെയും, ഞങ്ങളുടെ സക്കാത്തിലൂടെയും, ഞങ്ങളുടെ സദഖാത്തുകളിലൂടെയും, ഞങ്ങളുടെ ഹജ്ജിലൂടെയും, മറ്റു ഇബാദത്തുകളിലൂടെയും സംഭവിച്ചപോരയ്മകൾ! എല്ലാ പോരായ്മകളും മാപ്പാക്കിയാലും.

അല്ലയോ പ്രപഞ്ചനാഥാ! സാത്താനും ഞങ്ങളുടെ നഫ്സിന്റെ ഇച്ഛകളും, കഴിഞ്ഞകാലങ്ങളിലും അനേകം രാവുകളിലും ഞങ്ങളെ ചതിച്ചിരിക്കുന്നു. ആയതിനാൽ ഭാവിയിലെങ്കിലും പ്രസ്തുത ഉപദ്രവങ്ങളിൽ നിന്നും ഞങ്ങളെ രക്ഷിച്ചാലും.

അല്ലയോ! ആഹാരം നല്കുന്നവനെ! ഞങ്ങളുടെ കച്ചവടങ്ങളിൽ നീ അനുഗ്രഹങ്ങൾ ചൊരിഞ്ഞാലും! ഞങ്ങളുടെ നിത്യജീവിത വിഭവങ്ങളിൽ നീ അനുഗ്രഹം ചൊരിഞ്ഞാലും. വരവിലും കവിഞ്ഞ് ഉണ്ടാകുന്ന എല്ലാവിധ ചെലവുകളിൽ നിന്നും നീ ഞങ്ങളെ സംരക്ഷിച്ചാലും!

അല്ലയോ ഞങ്ങളുടെ രക്ഷകർത്താവേ! ഞങ്ങളുടെ ജീവിതത്തെ സംരക്ഷിച്ചാലും, ഞങ്ങളുടെ ധനത്തെ സംരക്ഷിച്ചാലും, ഞങ്ങളുടെ മാന്യത സംരക്ഷിച്ചാലും, ഞങ്ങളുടെ ഭവനങ്ങൾ സംരക്ഷിച്ചാലും, ജമാഅത്തുസ്സഹീഹിൽ ഇസ്ലാമിലെ എല്ലാ അംഗങ്ങളെയും സംരക്ഷിച്ചാലും!

നേർവഴിയിലൂടെ നടത്തുന്നവനെ! നീ ഞങ്ങളുടെ സ്ത്രീകളെയും, ഞങ്ങളുടെ കുട്ടികളെയും, ഞങ്ങളുടെ കുടുംബങ്ങളെയും നല്ലവരാക്കിത്തീർക്കേണമെ, അവർ ഇസ്ലാമിക പാഠങ്ങൾ അനുസരിച്ച് പ്രവർത്തിക്കുന്നവരാക്കേണമെ!

ഞങ്ങളുടെ സന്താനങ്ങളെ കണ്ണിനു കുളിർമ്മയുള്ളവരാക്കേണമെ, ഞങ്ങളുടെ അഭിമാനത്തെ, അവർ ഉയർത്തുന്നവരാക്കേണമെ! പാരത്രിക ലോകത്ത് അവർ ഞങ്ങൾക്ക് രക്ഷാമാർഗ്ഗമൊരുക്കുന്നവരാക്കേണമെ! നീതിമാന്മാരിൽ വെച്ച് ഏറ്റവും വലിയ നീതിമാനായവനെ! ഏകാധിപതികളുടെ മൃഗീയതകളിൽ നിന്നും നീ ഞങ്ങളെ രക്ഷിക്കേണമെ! പീഡിതരുടെമേൽ നിന്റെ സഹായഹസ്തം ഇറക്കേണമെ!

എല്ലാ അധികാരങ്ങളും കയ്യാളുന്നവനെ! ഞങ്ങളുടെ ശത്രുക്കളിൽ നിന്നുള്ള വിഡ്ഢിത്തരങ്ങളിൽ നിന്നും അസൂയയിൽ നിന്നും നീ ഞങ്ങളെ കാത്തുസംരക്ഷിക്കേണമെ! ഞങ്ങളെ ഉപദ്രവിക്കണമെന്നുള്ളവർക്ക് നീ നേർവഴി കാട്ടിക്കൊടുക്കേണമെ! അദൃശ്യമായ വഴികളിലൂടെ നീ ഞങ്ങളെ സഹായിക്കേണമെ!

അല്ലയോ മാപ്പുചെയ്യുന്നവനെ! കരുണാവാരിധേ!വിപത്തുകളിൽ നിന്നും, മാരകമായ രോഗങ്ങളിൽ നിന്നും ജിന്നുകളിൽ നിന്നും, സാത്താനുകളിൽ നിന്നും, ഉപദ്രവകാരികളുടെ ഉപദ്രവങ്ങളിൽ നിന്നും നീ ഞങ്ങളെ രക്ഷിക്കേണമെ!

അല്ലയോ എല്ലാത്തിന്റെയും ഉടയവനായവനെ! പരീക്ഷണങ്ങളെ അതിജയിക്കുവാൻ ഞങ്ങൾ ദുർബലരാണ്. ആയതിനാൽ നീ ഞങ്ങളുടെമേൽ കരുണ ചൊരിയേണമെ! ഞങ്ങളുടെ സഹോദരീ സഹോദരന്മാരോട് പരസ്പരം യഥാർത്ഥമായ സ്നേഹം നീ സൃഷ്ടിക്കേണമെ! മാതാപിതാക്കളോടും,സന്താനങ്ങളോടും, ഭാര്യാഭർത്താവിനിടയിലും സത്യസന്ധമായ, നല്ല സ്നേഹബന്ധം നിലനിർത്തിതരേണമെ!ഞങ്ങളുടെ ഗാർഹികമായ എല്ലാ പ്രശ്നങ്ങളും പരിഹരിച്ചുതരേണമെ! നിന്റെ അനുഗ്രഹങ്ങൾ, നീ ഞങ്ങളുടമേൽ ചൊരിഞ്ഞാലും ! രോഗങ്ങളിൽ നിന്നും നീ ഞങ്ങളെ കാത്തുരക്ഷിച്ചാലും! രോഗികളായവർക്ക് ആരോഗ്യം നല്കി അനുഗ്രഹിക്കേണമെ! കടത്തിലകപ്പെട്ടവരെ കടത്തിൽ നിന്നും നീ കരകയറ്റേണമെ! അവരുടെ കടങ്ങൾ വീട്ടുവാനുള്ള സഹായം നല്കേണമെ!

പ്രപഞ്ചത്തിന്റെ ഭരണാധികാരിയായവനെ! ഞങ്ങളിൽ നിന്നും മരണപ്പെട്ടവരുടെ തെറ്റുകുറ്റങ്ങൾ നീ മാപ്പാക്കേണമെ! അവരെ നീ ജന്നത്തുൽ ഫിർദൗസിൽ പ്രവേശിപ്പിക്കേണമെ! സർവ്വ അധികാരങ്ങളും കയ്യാളുന്നവനേ! ഞങ്ങളുടെ എല്ലാ പ്രയാസങ്ങളും ഞങ്ങളിൽ നിന്നും നീ നീക്കംചെയ്യേണമെ! ഞങ്ങളുടെ എല്ലാ നല്ല ആഗ്രഹങ്ങളും പൂർത്തീകരിച്ചു തന്നാലും!

എല്ലാ ദൈവകല്പിതങ്ങളും ക്രമീകരിക്കുന്നവനെ! ഞങ്ങളുടെമേലുള്ള ഭാഗധേയങ്ങൾ സമ്പൂർണ്ണമായി ക്രമീകരിക്കേണമെ!

പരമാധികാരികളിൽ വെച്ച് ഏറ്റവും വലിയപരമാധികാരിയായവനെ! ഞങ്ങളുടെ ചുറ്റുമുള്ള എല്ലാവിധ പ്രയാസങ്ങളും നീക്കം ചെയ്താലും! സാഹചര്യങ്ങളെ മാറ്റിമറിക്കുന്നവനെ! ഞങ്ങളുടെ സാഹചര്യങ്ങളെ നന്മയിലേക്ക് വഴി തിരിച്ചുവിട്ടാലും!

എന്റെ പ്രിയനെ, എന്റെ അല്ലാഹുവിന്റെ ഖലീഫയായി തിരഞ്ഞെടുത്തവനെ!നീ എനിക്ക് വെളിപാടു നല്കിയിരിക്കുന്നു. ഞാൻ പെട്ടെന്ന് തന്നെ ഇവിടെ നിന്നുപോകുവാനും മറ്റൊരു രാജ്യത്ത് കുടിയേറിപ്പാർക്കുവാനുമായി നീ എന്നെ അറിയിച്ചിരിക്കുന്നു. അവിടെ എന്റെ പ്രിയ അനുചരന്മാരാൽ ഞാൻ ചുറ്റപ്പെട്ടിരിക്കുന്നതാണ്. ഭക്തിയുള്ള അനുചരന്മാർ എന്നോടൊപ്പം ചേർന്ന് പ്രവർത്തിക്കുന്നതാണ്, നിങ്ങളുടെ ഖലീഫത്തുല്ലാഹ്‌യോട് സമ്പൂർണ്ണമായ നിലയിൽ അനുസരണം കാണിക്കുക. അവർ ശാരീരികമായും ആത്മീയമായും പൂർണ്ണസംതൃപ്തിയോടെ പ്രവർത്തിക്കുന്നവരായിരിക്കും. അവരോടൊപ്പം അല്ലാഹുവിന്റെ ഖലീഫയുണ്ട് എന്ന കാരണത്താൽ അവർ സന്തുഷ്ടരായിരിക്കുന്നതാണ്. ആ ദിനങ്ങൾ വളരെ പെട്ടെന്ന് തന്നെ വരുന്നതാണ്. അല്ലയോ! എന്റെ സൃഷ്ടാവേ! എന്റെ അനുചരന്മാരെ നീ അനുഗ്രഹിക്കേണമെ! അവർക്ക് നീ മനഃസമാധാനം നല്കേണമെ! സംതൃപ്തി നല്കേണമെ! നീ അവർക്ക് നിർവൃതി നല്കേണമെ! ഏകാധിപതികളായ ഭരണകർത്താക്കളിൽ നിന്നും നീ അവർക്ക് സംരക്ഷണം നല്കേണമെ! നീ അവരുടെ പദവി ഉയർത്തേണമെ! നീ അവരുടെ മേൽ അളവറ്റ അനുഗ്രഹങ്ങൾ നല്കിയാലും!

സർവ്വലോകങ്ങളുടെയും രക്ഷിതാവേ! നിന്റെ അറിവ് പരിധിയില്ലാത്തതാണ്. ഞങ്ങൾക്ക് നല്ലതായിട്ടുള്ളത് നീ പ്രദാനം ചെയ്താലും! എല്ലാ മോശമായ കാര്യങ്ങളിൽ നിന്നും നീ ഞങ്ങളെ അകറ്റി നിർത്തേണമെ! ഞങ്ങൾക്ക് മനഃശാന്തി നല്കിയാലും, ഞങ്ങൾക്ക് നിർവൃതി നല്കിയാലും, നീ ഞങ്ങൾക്ക് നല്കുന്നതിൽ ഞങ്ങൾ സംതൃപ്തിരായിരിക്കുവാൻ ഞങ്ങളെ സഹായിക്കേണമെ! അല്ലയോ മൃത്യു ഇല്ലാത്തവനെ! ദുർമരണത്തിൽ നീ ഞങ്ങളെ അകപ്പെടുത്തരുതേ! ഞങ്ങളെ നീ ഈമാനോടുകൂടി മരിപ്പിക്കേണമെ! പുനരുത്ഥാന നാളിലെ അപമാനത്തിൽ നിന്നും നീ ഞങ്ങൾക്ക് സംരക്ഷണം നല്കേണമെ!

അല്ലയോ മാപ്പ് ചെയ്യുന്നവനെ! ഒന്നിനും ഒരു കുറവും ഇല്ലാത്തവൻ നീ മാത്രമാണ്. നീ കരുണാവാരിധി തന്നെയാണ്. യാ!അല്ലാഹ്! ഞാൻ നിന്നോട് യാചിക്കുകയാണ്. നീ എനിക്ക് ഈമാനും സിദ്ദീഖ് എന്ന പദവിയും നല്കിയാലും! എന്റെ ഹൃദയത്തിൽ ഒരിക്കലും മരിക്കാത്ത പ്രതീക്ഷയും ആഗ്രഹവും ഇട്ടുതന്നാലും! ഭൂമിയിലെ ഓരോ മെഴുകുതിരിയും കൂടുതൽ പ്രകാശമാനമാവുമ്പോൾ അങ്ങേഅറ്റം സന്തോഷം പ്രദാനം ചെയ്താലും! എന്റെ ശരീരം ഇപ്പോൾ നിന്റെ മുൻപാകെ ഇല്ലെങ്കിൽ പോലും ഞാൻ നിനക്ക് നന്ദി രേഖപ്പെടുത്തുകയാണ്. എന്റെ സൃഷ്ടാവേ! എന്റെ ആത്മാവ് നിന്റെ സവിധത്തിലായിരിക്കുവാൻ നീ അനുവദിച്ചതിന്!

യാ അല്ലാഹ്! ആദ്യമായി നീ ഞങ്ങൾക്ക് യഥാർത്ഥമായ ഈമാൻ നല്കിയാലും! ഫലദായകമായ ഒരു സമ്പൂർണ്ണ ജീവിതം നല്കി, മാർഗ്ഗദർശനം നല്കിയാലും, ദീനിൽ ഒരുറച്ച കാല്പാദം നല്കിയാലും രക്ഷിതാവേ! ഖിയാമത്ത് ദിനത്തിലെ ഭയാനതകൾ നാം അഭിമുഖീകരിക്കുമ്പോൾ, കണക്കെടുപ്പ് നടത്തുന്ന ദിനത്തിന്റെ ഉടയവനെ! നരകത്തിൽ നിന്നും നീ ഞങ്ങളെ രക്ഷിക്കേണമെ! ഞങ്ങൾക്കവിടെ പദവിയും മാന്യതയും നല്കി അനുഗ്രഹിക്കേണമെ!

യാ അല്ലാഹ്! എന്റെ തെറ്റുകളും കുറ്റങ്ങളും പാപങ്ങളും നീ മായ്ച്ച് കളയേണമെ! യാ അല്ലാഹ്! എന്നെ ആശ്വസിപ്പിച്ചാലും! എനിക്ക് സാന്ത്വനമേകിയാലും! എന്നെ നീ നേർവഴിയിൽ നയിക്കേണമെ! അങ്ങനെ ആയാൽ ഞാൻ നല്ല പ്രവർത്തികൾ ചെയ്യുന്നവനായി തീരും; നല്ല വ്യക്തിത്വമുള്ളവനാകും, നീയല്ലാത്ത മറ്റാരും ഞങ്ങളെ നയിക്കുവാനില്ല; അവരിലെ തിന്മകൾ ഇല്ലായ്മ ചെയ്യുവാനും നീയല്ലാതെ മറ്റാരുമില്ല! യാ അല്ലാഹ്! നിനക്ക് കീഴടങ്ങിയവരോടൊപ്പം നീ ഞങ്ങളെ ചേർത്തു നിർത്തേണമെ! നിന്റെ മുന്നിൽ എതിർത്തു നില്ക്കുന്നവർ നിന്റെ നിയമത്തെ ഉപേക്ഷിച്ചവരാണ്. ആയതിനാൽ നീ ഞങ്ങളെ നിനക്ക് കീഴടങ്ങിയവരുടെ കൂട്ടത്തിൽ നിലനിർത്തേണമെ!

ഇൻശാ അല്ലാഹ്! ഈ ദുആകളെല്ലാം നാം എല്ലാ ദിവസവും ചൊല്ലേണ്ടതു തന്നെയാണ്.

ഇൻഡ്യയിലെ, തമിഴ്നാട്ടിലെ, നമ്മുടെ ഒരു മുജ്തബ: ഈയാഴ്ച കണ്ട മനോഹരമായ ഒരു സ്വപ്നം നിങ്ങളുമായി, ഞാൻ പങ്കുവെയ്ക്കുകയാണ്. ഐനുൽമിസ്ബാഹ് എന്ന പെൺകുട്ടി കണ്ട ഒരു സ്വപ്നം! ഒരു സ്ഥലത്ത് അവളുടെ മാതാപിതാക്കളും സഹോദരനും അനേകം ആളുകളോടൊപ്പം നില്ക്കുന്നു. അപ്പോൾ അവിടെകൂടിയ ഓരോരുത്തരും അല്ലാഹുവിന്റെ നാമം എടുത്തു പറയുന്നതായി അവർ കേൾക്കുന്നു. അവൾ കേൾക്കുന്നത് നാരേ തക്ക്ബീർ, അല്ലാഹു അക്ബർ, അവൾ ഒരാളോടു ചോദിച്ചു. എന്തിനാണ് അവർ നാരോതക്ബീർ അല്ലാഹു അക്ബർ എന്ന് പറഞ്ഞുകൊണ്ടിരിക്കുന്നത്?എന്ന്!

അപ്പോൾ അവർ അവളോട് പറഞ്ഞു. പരിശുദ്ധ പ്രവാചകൻ മുഹമ്മദ് മുസ്തഫ (സ) വന്നുകൊണ്ടിരിക്കുന്നു. എന്നാൽ അവൾക്ക് കുറേ നേരത്തേക്ക് അദ്ദേഹത്തെ കാണാൻ കഴിഞ്ഞിരുന്നില്ല. അല്പസമയത്തിനു ശേഷം, അവൾക്ക് പരിശുദ്ധപ്രവാചകൻ മുഹമ്മദ്(സ)നെ ദർശിക്കുവാൻ സാധിച്ചു. അദ്ദേഹം വെള്ള വസ്ത്രമായിരുന്നു ധരിച്ചിരുന്നത്, അദ്ദേഹം അദ്ദേഹത്തിന്റെ ഒട്ടകപുറത്തായിരുന്നു സഞ്ചരിച്ചിരുന്നത്. അദ്ദേഹത്തിന്റെ പുറകിൽ സുന്ദരിയായ ഒരു പെൺകുട്ടിയുമുണ്ടായിരുന്നു. അവളും മനോഹരമായ ഒരു വെള്ളവസ്ത്രമായിരുന്നു ധരിച്ചിരുന്നത്.

അവളെ അത്ഭുതപ്പെടുത്തിയതെന്തെന്നാൽ, അവൾക്ക് പരിശുദ്ധപ്രവാചകൻ (സ)യുടെ മുഖം കാണുവാൻ കഴിഞ്ഞില്ല. എന്നാൽ മറ്റാളുകൾക്ക് തന്റെ കുടുംബാംഗങ്ങളുൾപ്പെടെയുള്ളവർക്ക് അദ്ദേഹത്തിന്റെ സുന്ദരമുഖം കാണുവാൻ സാധിച്ചിരുന്നു. ആയതിനാൽ, അവൾ പ്രവാചകൻ (സ)യുടെ അടുക്കലേക്ക് പോവുകയും, എന്നിട്ട് ഇപ്രകാരം ചോദിക്കുകയുണ്ടായി, എനിക്ക് എന്തുകൊണ്ടാണ് അങ്ങയുടെ മുഖം കാണുവാൻ സാധിക്കാത്തത്?

അപ്പോൾ പരിശുദ്ധ പ്രവാചകൻ (സ) മറുപടിയായി പറയുകയുണ്ടായി. ഞാൻ അവരുടെ തലമുറയിലാണ് വന്നത്. (അദ്ദേഹത്തെ കാണാൻ കഴിഞ്ഞ ആളുകളുടെ കാലഘട്ടത്തിൽ) നിങ്ങൾ ജനിച്ചത് മറ്റൊരു തലമുറയിലാണ്. ആയതിനാൽ അവർക്ക് എന്റെ മുഖം കാണാൻ കഴിയുന്നു. കാരണം അവർ എന്നോ

ടൊപ്പം ജീവിച്ചവരാണ്. നിങ്ങളെപോലുള്ള തലമുറയിൽ ജനിച്ചവർക്ക് എന്നെ പാരത്രികലോകത്ത് വെച്ച് ദർശിക്കുവാൻ സാധിക്കുന്നതാണ്. അൽഹംദുലില്ലാഹ് ! ഇൻശാ അല്ലാഹ്!

2001 മെയ്മാസം 10-ാം തീയതി വെളിപാടുകളിലൂടെ ലഭിച്ച ഈദുആകൾ കൊണ്ട് ഞാനിത് ഇവിടെ അവസാനിപ്പിക്കുകയാണ്. യാ! അല്ലാഹ്! നീയാണ് എന്റെ വഴികാട്ടി! യാ !അല്ലാഹ്! നീ മാപ്പുകൊടുക്കുവാൻ ഒരുക്കമുള്ളവനാണല്ലോ! കരുണാനിധിയായവനെ, ഞാൻ നിന്റെ ദാസനാണ്, നിന്നെ അറിയുവാൻ നീ എന്നെ പഠിപ്പിക്കേണമെ! നിന്നെ സ്നേഹിക്കുവാൻ നീ എന്നെ പഠിപ്പിച്ചാലും! നിനക്ക് സേവനം ചെയ്യുവാൻ എന്നെ പഠിപ്പിക്കേണമെ! എന്റെ സഹോദരങ്ങളെ അറിയുന്നതിലൂടെ നിന്നെ അറിയുവാൻ എന്നെ പഠിപ്പിച്ചാലും! എന്റെ സഹോദരങ്ങളെ സ്നേഹിക്കുന്നതിലൂടെ നിന്നെ സ്നേഹിക്കുവാൻ എന്നെപഠിപ്പിക്കേണമെ!

അല്ലയോ എന്റെ സൃഷ്ടാവേ! നിന്റെ ഓരോ സൃഷ്ടികളിലൂടെയും, നിന്നെ സേവിക്കുവാനും, നിന്നെകാണുവാനും നീ എന്നെ പ്രാപ്തമാക്കേണമെ! എന്റെ സൃഷ്ടാവേ! എന്റെ ഹൃദയത്തിൽ നിന്റെ സക്കീന അഥവാ നിർവൃതി ഇറക്കിതന്നാലും! അതിലൂടെ എന്റെ ഈമാൻ വർദ്ധിക്കുമല്ലോ. അതിലൂടെ ക്ഷമയും, സംരക്ഷണവും നന്മയിലുള്ള ആഗ്രഹവും, സന്തോഷവും ഉല്പാദിപ്പിക്കുവാൻ സാധിക്കുമല്ലോ! അല്ലയോ എന്റെ സൃഷ്ടാവേ! എന്റെ അറിവ് വർദ്ധിപ്പിക്കേണമെ! സേവനത്തിന് ശക്തിപകരുന്നതിലേക്ക് ഈ അറിവിനെ പരിവർത്തനവിധേയമാക്കേണമെ! എന്റെ സൃഷ്ടാവേ! എന്റെ സ്നേഹരംഗങ്ങളെ നീ വിസ്തൃതമാക്കേണമെ! സജീവമായ സാഹോദര്യത്തിൽ അത് പ്രത്യക്ഷീഭവിപ്പിക്കേണമെ! എന്റെ സൃഷ്ടാവേ! എന്നെന്നും ജീവിച്ചിരിക്കുന്നവൻ നീ മാത്രമാണ് എല്ലാം അറിയുന്നവനും നീ മാത്രമാണ്. നിന്റെ ഇച്ഛ നടപ്പിലാക്കേണമെ! എന്റെ ഇച്ഛ ആകരുതേ! എന്റെ സൃഷ്ടാവേ! സ്വാർത്ഥതയുടെ സ്ഥാനത്ത് നീ സ്നേഹം സ്ഥാപിക്കേണമെ! എല്ലാ മനുഷ്യരും പരസ്പരം സ്നേഹിക്കത്തനിലയിലാക്കേണമെ! ഇൻശാ അല്ലാഹ്! യാ അല്ലാഹ്! ഞങ്ങളുടെ ദുആകൾ നീ സ്വീകരിക്കേണമെ!

ഇൻശാ അല്ലാഹ്! വെളിപാടുകളിലൂടെ ലഭിച്ച ദുആകൾ അടുത്ത ആഴ്ചയിലും തുടരുന്നതാണ്.

***Translated & Issued by : Mukarram R. Jamaludin Raother***
***Amir - Jamaat Ul Sahih Al Islam***
***South Zone - Kerala, India, E-mail : jamal.raother@gmail.com***
***Web : www.jamaat-ul-sahih-al-islam.com***
***Blog : www.sahih-al-islam.blogspot.in***